**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1018** **24-02-2022 - ൽ മറുപടിയ്ക്ക്**

**പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിലെ പ്രതിസന്ധികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണം, പൊതുമരാമത്ത് എന്നീ വകുപ്പുകളുമായി സഹകരിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിൽ ജലവിഭവ വകുപ്പ് നേരിടുന്ന പ്രതിസന്ധികളും നിയന്ത്രണങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് റോഡ് കുഴിക്കേണ്ടി വരുമ്പോൾ പൊതുജനങ്ങളിൽ നിന്ന് പ്രതിഷേധവും അനുമതി ലഭിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് കാലതാമസവും ബുദ്ധിമുട്ടുകളും നേരിടാറുണ്ട്. പഞ്ചായത്ത് മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ/ പൊതുമരാമത്ത് വകുപ്പ്/നാഷണൽ ഹൈവേ അതോറിറ്റി എന്നിവരിൽ നിന്നും റോഡ് കട്ടിംഗിനുള്ള അനുമതി ലഭിക്കാതെ വരുമ്പോൾ സമയബന്ധിതമായി ജലവിതരണ പദ്ധതികൾ പൂർത്തികരിക്കാൻ സാധിക്കാതെ വരുന്നുണ്ട്. തദ്ദേശസ്വയംഭരണ, പൊതുമരാമത്ത് റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ആകെ അടങ്കൽ തുകയുടെ ഭൂരിഭാഗവും ഈ സ്ഥാപനങ്ങൾക്ക് റോഡ് റിസ്റ്റോറേഷൻ ഇനത്തിൽ അടക്കേണ്ടി വരുന്നു. പൈപ്പ് ലൈൻ സ്ഥാപിക്കൽ പ്രവൃത്തിയും പൈപ്പിന്റെ മറ്റ് അറ്റകുറ്റപ്പണികളും ചെയ്ത ശേഷം കേരള ജല അതോറിറ്റി താൽക്കാലികമായി റോഡ് പുനരുദ്ധാരണം ചെയ്തതിന് ശേഷം ആണ് കൈമാറുന്നത്. ജല അതോറിറ്റിയുടെ പ്രവൃത്തികൾക്ക് ശേഷം ജല അതോറിറ്റി പൊതുമാരമത്ത് വകുപ്പിൽ അടച്ച പെർമനന്റ് റോഡ് റീസ്റ്റോറേഷൻ തുക ഉപയോഗിച്ച് താമസംവിനാ റോഡ് പുനസ്ഥാപിക്കേണ്ട ഉത്തരവാദിത്വം പൊതുമരാമത്ത് / തദ്ദേശസ്വയംഭരണ വകുപ്പിൽ നിക്ഷിപ്തമാണ്. ഇത് യഥാസമയം ചെയ്യാത്തതുമൂലം പൊതുജനങ്ങളുടെ വിമർശനങ്ങൾക്ക് ഇടയാകുന്നു. |
| (ബി) | ഇവ പരിഹരിക്കുവാൻ ജീവനക്കാർക്ക് ജലവിഭവ വകുപ്പിൽ നിന്നോ വാട്ടർ അതോറിറ്റിയിൽ നിന്നോ എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ അവ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ബി) | തദ്ദേശസ്വയംഭരണ / പൊതുമരാമത്ത് റോഡുകളിൽ ജലഅതോറിറ്റി പൈപ്പ് ലൈനുകളുടെ പ്രൊപ്പോസലുകൾ നൽകുമ്പോൾ തന്നെ ടി വകുപ്പുകളുമായി ഏകോപനം നടത്തി പ്രവൃത്തികൾ പ്ലാൻ ചെയ്യണമെന്നും ROW പോർട്ടൽ വഴി |

| | | | |
|---|---|---|---|
| | | | അപേക്ഷ നൽകണമെന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി നടപ്പിലാക്കുന്നതിനുമുള്ള നിർദ്ദേശം ആണ് നിലവിലുള്ളത്. കൂടാതെ പൊതുമരാമത്ത് റോഡുകളുടെ നവീകരണ പ്രവൃത്തികളും ജല അതോറിറ്റി നടപ്പാക്കുന്ന ജലവിതരണ പൈപ്പ് ലൈനുകളുടെ പ്രവർത്തികളും ഭരണാനുമതി നല്കുമ്പോൾ തന്നെ റോ പോർട്ടലിൽ മുൻകൂറായി അപ്ഡേറ്റ് ചെയ്യാനും അത് പ്രകാരം തദ്ദേശസ്വയംഭരണ, പൊതുമരാമത്ത്, ജല അതോറിറ്റി എന്നീ വകുപ്പുകളുടെ ഏകോപനത്തോട് കൂടി പ്രവൃത്തികൾ സുഗമമായി പൂർത്തീകരിക്കാനുമുള്ള നിർദ്ദേശം നിലവിലുണ്ട്. അതു പ്രകാരം ആണ് പ്രവൃത്തികൾ നടത്തുന്നത്. |

സെക്ഷൻ ഓഫീസർ